പോലീസ്, ഫയർ ഫോഴ്സ് വിഭാഗങ്ങളുടെ വിഭജനം

1730 [2607] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ വകുപ്പിന്റെ കീഴിലായിരുന്ന പോലീസ്, ഫയർ ഫോഴ്സ് എന്നിവയെ രണ്ടു വിഭാഗങ്ങളാക്കിയത് എപ്പോഴായിരുന്നു;

(ബി) ഈ രണ്ടു വിഭാഗങ്ങളിലേയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ വിഭജനത്തിന് മുമ്പെന്നപോലെ ഇപ്പോഴും ഒരു പോലെയാണോ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം തരത്തിലുള്ള വ്യത്യാസങ്ങളാണുള്ളത്;

(ഡി) വിഭജന സമയത്ത് രണ്ടു വിഭാഗത്തിനും ഉള്ള സേവന വേതന വ്യവസ്ഥ നിലവിലുള്ളതുപോലെ തുടരുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ;

(ഇ) എങ്കിൽ അത് നടപ്പിൽ വരുത്താത്തതിന്റെ കാരണമെന്ത്?

ഉത്തരം

(എ) 22-1-1963-ൽ.

(ബി) അല്ല.

(സി) പോലീസ് വിഭാഗത്തിലെ കോൺസ്റ്റബിളിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. യാണ്. എന്നാൽ ഫയർ ഫോഴ്സ് വിഭാഗത്തിലെ ഫയർമാൻ തസ്തികയിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. യായി നിജപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് പോലീസിലെ കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ, എ. എസ്. ഐ. എന്നീ തസ്തികകൾക്ക് സമാനമായ ഫയർമാൻ, ലീഡിംഗ് ഫയർമാൻ, അസിസ്റ്റന്റ് സ്റ്റേഷനാഫീസർ എന്നീ തസ്തികകൾക്ക് ശമ്പള നിരക്കിൽ വ്യത്യാസങ്ങളുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ഗുരുവായൂരിൽ ഒരു ഫയർ സ്റ്റേഷൻ

1731 [2608] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നുള്ള നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഗുരുവായൂരിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള രേഖാനുമതി സർക്കാർ നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly